LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട് പാക്കേജ്

10 (*189) ശ്രീമതി ദെലീമ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നത് സൃഷ്ടിച്ച ആഘാതംമൂലം ജനജീവിതം ദുരിതത്തിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

2018-ലെ പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നത് പരിഹരിക്കുന്നതിനുവേണ്ടി തോടുകളിലെയും നീർച്ചാലുകളിലെയും എക്കലും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ പ്ലാൻ ഫണ്ടിലും NABARD-ലും SDRF പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. കൂടാതെ അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിലുള്ള ജല സ്രോതസ്സുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ലീഡിംഗ് ചാനലിന് ആഴം കൂട്ടി പ്രളയ ജലത്തെ കടലിലേയ്ക്ക് ഒഴുക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. തോട്ടപ്പള്ളിയിലെ ലീഡിംഗ് ചാനലിന്റെ പാർശ്വസംരക്ഷണത്തിനുവേണ്ടി 70 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് താഴ്ഭാഗത്ത് 350 മീറ്റർ വീതിയിൽ പൊഴി മുറിച്ച് കടലിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

(ബി) കേരള പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ പദ്ധതിയുണ്ടോ?

2018-ലെ പ്രളയാനന്തരം കേരള സർക്കാർ ആവിഷ്കരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി റൂം ഫോർ റിവർ പദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയും കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. തോട്ടപ്പള്ളി പൂഴയിലൂടെ അധിക പ്രളയജലത്തെ കടലിലേയ്ക്ക് ഒഴുക്കിവിടുക. 2. തോട്ടപ്പള്ളി പൊഴിമുഖത്ത് മണ്ണടിഞ്ഞ് പൊഴിമുഖം അടയുന്നത് തടയുക. 3. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ 2-ഉം 3-ഉം ഘട്ടങ്ങൾ നടപ്പിലാക്കുക.

4. പ്രളയജലം കുട്ടനാട്ടിലേയ്ക്ക് കടക്കാതെ തോട്ടപ്പള്ളി ലീഡിംഗ് ചാനലിലൂടെ തിരിച്ച് വിടുക. തന്മൂലമുണ്ടാകുന്ന അധികജലം സുരക്ഷിതമായി കടന്നുപോകുന്നതിന് ലീഡിംഗ് ചാനലിന്റെ പാർശ്വഭിത്തിയുടെ ഉയരം കൂട്ടുക. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ IIT-യെ ചുമതലപ്പെടുത്തുകയും 1-3-2021-ൽ ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനത്തിനായി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വർഷത്തേയ്ക്കാണ് ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുള്ളത്. പ്രാരംഭപഠനം ചെന്നൈ IIT ആരംഭിച്ചു കഴിഞ്ഞു. അവരിൽനിന്നും വിശദമായ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(സി) പ്രളയത്തിൽ വേമ്പനാട് കായലിൽ അടിഞ്ഞ എക്കലും ചെളിയും കായലിന്റെ ജലസംഭരണശേഷി കുറച്ചത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

വേമ്പനാട് കായലിലെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയാണ് 'വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം'. ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി തുടങ്ങിയ 9 പഞ്ചായത്തുകളിലെ കായലിലേയും കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തുകൾ പ്രൊപ്പോസലുകൾ നൽകുകയും ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 50,71,721 രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ?

2019-20 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 32 കോടി രൂപയുള്ള 19 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 17.40 കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 29.10 കോടി രൂപയും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്കീമിൽ 42 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിൽ 17 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 7 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ബാക്കി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു. 2021-22 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 24.7 കോടി രൂപയും നബാർഡിൽ 23.89 കോടി രൂപയും ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്. അതിൽ പ്ലാൻ സ്കീമിൽ 38 പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 5 പ്രവൃത്തികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലായി 593 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 511 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി

11 (*190) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

• വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.